ശ്രീ.കെ.പി. രാമൻ :

,, നാലകത്തു സൂപ്പി :

,, എം. പി. എം. ഇസ്‌ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മുനിസിപ്പൽ ആക്ടിന് പ്രകാരമുള്ള കെട്ടിടനിർമ്മാണ ചട്ടവും, കെട്ടിട വാടക നിയന്ത്രണച്ചട്ടവും പഞ്ചായത്തുകളിൽ ബാധകമാക്കിയിട്ടുണ്ടോ ;

(ബി) കെട്ടിടനിർമ്മാണച്ചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാം ;

(സി) കെട്ടിടവാടകച്ചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാം ;

(ഡി) ഈ രണ്ടു ചട്ടങ്ങളും പഞ്ചായത്തുകളിൽ ബാധകമാക്കാൻ ഗവൺമെൻറ് സ്വീകരിച്ച മാനദണ്ഡമെന്താണ് ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) കുറെ പഞ്ചായത്തുകളിൽ ബാധകമാക്കിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് ‡

(സി) കെട്ടിടവാടക നിയന്ത്രണചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് ‡

(ഡി) പഞ്ചായത്തു പ്രദേശത്തിന്റെ നാഗരിക സ്വഭാവവും വളർച്ചയും കണക്കിലെടുത്തു ആസൂത്രിത വികസനം ആവശ്യമായിത്തീരുമ്പോഴാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഓരോ പഞ്ചായത്തു പ്രദേശത്തും നടപ്പാക്കുന്നത്. കെട്ടിട വാടക നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ, പഞ്ചായത്തിലെ വാടക കെട്ടിടങ്ങളുടെ ദൗർബല്യം മൂലമുണ്ടാകുന്ന അമിതമായ വാടക, പഞ്ചായത്തിന്റെ നാഗരിക സ്വഭാവം, വന്നുപോയിക്കൊണ്ടിരിക്കുന്ന ജനസംഖ്യ, വാടക നിയന്ത്രണ നിയമം നടപ്പിലാക്കുന്നത് പഞ്ചായത്തിന്റെ ഭാവി വികസനത്തിനെ പ്രതികൂലമായി ബാധിക്കുകയില്ല എന്നിവയാണ്.

ശ്രീ. കെ. പി. രാമൻ : കെട്ടിട വാടകച്ചട്ടം എന്തുതന്നെയായാലും പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ അവർക്കു തോന്നിയവിധത്തിൽ കെട്ടിടങ്ങൾക്ക് വാടക ഈടാക്കുന്ന രീതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് ?

ശ്രീ. സി. എം. സുന്ദരം : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. പി. രാമൻ : കെട്ടിടനിർമ്മാണച്ചട്ടവും കെട്ടിടവാടകച്ചട്ടവും എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കാത്തതെന്തുകൊണ്ടാണ് ?

ശ്രീ. സി. എം. സുന്ദരം : ഞാൻ നേരത്തെ പറഞ്ഞ കാരണം തന്നെയാണ്.

ഉദുമാടൻ മേഖലയിൽ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ

* 170. [189] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമാടൻ മേഖലയിൽ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപവൽക്കരിക്കുന്നതിനു എന്തു നടപടി സ്വീകരിച്ചു ;

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമസംഘത്തിൽ മൽസ്യത്തൊഴിലാളികളെ അംഗങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ കാലതാമസത്തിനു കാരണമെന്താണ് ;

(സി) ഉൾനാടൻ മേഖലയിൽ പാരമ്പരാഗത തൊഴിലാളികളല്ലാതുള്ളവർ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളിൽ കടന്നുകൂടുന്നതിനു വ്യാജരേഖകൾ സമ്പാദിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു തടയുന്നതിനു എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഏഴ് ജില്ലകളിലായി 21 ഉൾനാടൻ ഗ്രാമസംഘങ്ങൾ രൂപീകരിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ഇനിയും രൂപീകരിക്കാനുദ്ദേശിക്കുന്ന ഉൾനാടൻ മൽസ്യത്തൊഴിലാളി ക്ഷേമസംഘങ്ങളുടെ പേരും അവയുടെ അതിരുകൾ തിരിച്ചുള്ള പട്ടികയും പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി പഞ്ചായത്തു മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ ഓഫീസുകളിലും ഫിഷറീസ് വകുപ്പിന്റെ ഓഫീസുകളിലും പ്രസിദ്ധപ്പെടുത്തി. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിച്ച പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് പൂർത്തിയാക്കി വരികയാണ്.

(ബി) ഗ്രാമസംഘങ്ങളിൽ അംഗങ്ങളെ ചേർക്കേണ്ടത് ഫിഷറീസ് ഓഫീസർമാരാണ്. രൂപീകരിക്കപ്പെട്ട ഉൾനാടൻ ഗ്രാമസംഘങ്ങളിൽ ആറിടത്ത് ഫിഷറീസ് ഓഫീസർമാരെ നിയമിച്ചുകഴിഞ്ഞു. മറ്റിടങ്ങളിൽ നിയമിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ദിനകരൻ : ഉൾനാടൻ മേഖലയിൽ 107 മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിക്കാനുള്ള പ്രാഥമിക ലിസ്റ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ അതനുസരിച്ച് സെൻസസ് എടുക്കാനോ മൽസ്യത്തൊഴിലാളികളെ ഗ്രാമസംഘങ്ങളിൽ അംഗങ്ങളാക്കാനോയുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് അവർക്ക് മൽസ്യത്തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ അടിയന്തിരമായും ഉൾനാടൻ മേഖലയിലുള്ള മൽസ്യത്തൊഴിലാളികളെക്കൂടി ഗ്രാമസംഘങ്ങളിൽ അംഗങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആലോചിച്ചു വരികയാണ്.

ശ്രീ. വി. ദിനകരൻ : മറ്റൊരു ചോദ്യമുന്നയിക്കാൻ അവസരമില്ലാത്തതുകൊണ്ട് ഗുരുതരമായ ഒരു പ്രശ്നമുന്നയിക്കുകയാണ്. ഒക്ടോബർ 26-ാം തീയതി ചാവക്കാട് കടപ്പുറത്തുനിന്നും മൽസ്യബന്ധനത്തിനുപോയ മൂന്നു മൽസ്യത്തൊഴിലാളികൾ ഇതുവരെ തിരിച്ചുവന്നിട്ടില്ല. അവരെ അന്വേഷിക്കാനുള്ള ഒരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അടിയന്തിരമായും മൂന്നു മൽസ്യത്തൊഴിലാളികളെ, അവരുടെ ജീവനെക്കുറിച്ച് അന്വേഷിക്കാനുള്ള നടപടി സ്വീകരിക്കുമോ ; ഇത് പ്രധാനപ്പെട്ട പ്രശ്നമാണ്. മൂന്നു മൽസ്യത്തൊഴിലാളികളുടെ വിലപ്പെട്ട ജീവന്റെ പ്രശ്നമാണ്. ഇതുന്നയിക്കാൻ മറ്റൊരവസരമില്ലാത്തതുകൊണ്ടാണ് ഇപ്പോഴുന്നയിക്കുന്നത്. ചാവക്കാട് കടപ്പുറത്ത് മൽസ്യബന്ധനത്തിനുപോയ ജോർജ് എന്നു പേരുള്ള ഒരു മൽസ്യത്തൊഴിലാളിയെയും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു രണ്ടു മൽസ്യത്തൊഴിലാളികളെയും ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. അതിനെക്കുറിച്ച് അന്വേഷിക്കണമെന്നാണ് ഞാൻ പറയുന്നത്. ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതു സ്വീകരിക്കണമെന്നാണ് പറയുന്നത്.

മി. സ്പീക്കർ : മി. ദിനകരൻ, ചോദ്യോത്തരവേള ഔചിത്യ പൂർവ്വം തന്നെ ഉപയോഗിക്കണം.

മൽസ്യകൃഷി വികസനം

* 171. [190] ശ്രീ. കെ കെ. ബാലകൃഷ്ണൻ :
,, എ. കെ. ശശീന്ദ്രൻ :
,, കെ. കൃഷ്ണൻകുട്ടി :
ശ്രീമതി റെയിച്ചൽ സണ്ണിപനവേലി :
ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൽസ്യകൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഈ പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പിലാക്കുന്നത് ;

(സി) ഈയിനത്തിൽ എത്ര സംഖ്യ വകയിരുത്തിയിട്ടുണ്ട് ; എത്ര സംഖ്യ ചെലവഴിച്ചു ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മൽസ്യകർഷക വികസന ഏജൻസികൾ (എഫ്. എഫ്.ഡി. എ.) ഫിഷറീസ് വകുപ്പിന്റെ ജില്ലാ ആഫീസുകൾ എന്നിവ വഴിയായുള്ള വികസന പ്രവർത്തനങ്ങൾ, ഗ്രാമീണ മൽസ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങൾ, ബ്രാക്കിഷ് വാട്ടർ (ഓരുമല) ഫിഷ്ഫാമുകൾ എന്നിവ സ്ഥാപിച്ചുള്ള പ്രവർത്തനങ്ങൾ, സീഡ് ഡിപ്പോകൾ സ്ഥാപിക്കുക എന്നിവയാണ് ഉൾനാടൻ മൽസ്യകൃഷി വികസനത്തിന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ.

(ബിയും സിയും പിരിവുകൾക്കുള്ള ഉത്തരം വായിക്കുന്നതിനുമുമ്പ് ചോദ്യോത്തരസമയം കഴിഞ്ഞതിനാൽ അത് വായിച്ചില്ല.)

(ചോദ്യോത്തര സമയം കഴിഞ്ഞു).

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഇല്ലാത്ത മെഡിക്കൽ കോളേജുകൾ

* 172. [191] ശ്രീ. പി. എം. അബൂബേക്കർ :
,, പി. സീതിഹാജി :
,, നാലകത്തുസൂപ്പി :
,, കെ.പി. രാമൻ :
,, പി.കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത ഏതെങ്കിലും മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) അവിടെനിന്നും ഇതിനകം എത്രപേർ ബിരുദം നേടി ;

LIBRARY ARCHIVES Kerala Legislative Assembly